12762
9/6/17

# GOVERNMENT OF KERALA

Abstract

Water Resources Department – Establishment – Order of the Hon'ble Kerala Administrative Tribunal in OA(EKM) No.782/2014 – Complied with - Orders issued.

## WATER RESOURCES (A) DEPARTMENT

G.O.(Ms)No.37/2017/WRD Dated, Thiruvananthapuram, 02/06/2017.

Read:- 1)G.O(Ms)No.06/2013/WRD dated 16/01/2013.
2)G.O(Rt)No.517/2014/WRD dated 21/05/2014.
3)Order of the Hon'ble Kerala Administrative Tribunal in OA(EKM) No.782/2014 dated 23/03/2016.
4)Letter No.C5-38346/2014 dated 18/06/2016 and 26/07/2016 of the Chief Engineer(I&A), Thiruvananthapuram.

## ORDER

Sri.P.Venu and four others filed OA(EKM)No.782/14 before the Hon'ble Kerala Administrative Tribunal praying to regularise them as SLR Workers, in view of Annexure A1 Government Order, read as 1st paper above.

2) The Hon'ble Kerala Administrative Tribunal vide order read as 3rd paper above has set aside Annexure A11 Government order read as 2nd paper above and directed Government to issue appropriate orders in the light of findings in para (5) of the order in OA No. 1210/13, fixing appropriate conditions for date of regularization and grant of benefits within a period of three months from the date of receipt of the certified copy of the order, after hearing the petitioners in Government.

3) Accordingly the petitioners were heard in Government on 19/7/2016. The Chief Engineer (I&A) vide letter read as 4th paper above has reported that the committee headed by Chief Engineer, IDRB constituted by Government has verified the particulars of the HR/CLR workers included in the seniority list prepared by Chief Engineer (I&A) wherein the above petitioners are also included.

4) The applicants are HR workers in Irrigation Department. They are working in the Office of the Assistant Executive Engineer, Dredger Sub Division, Alappuzha under the Executive Engineer, Mechanical Division Alappuzha. Their main contention is to regularize them as SLR workers in Irrigation Department. All of them claim that they satisfy the conditions prescribed by Govt for regularizing them as SLR workers. The claim of the petitioners has not been recommended by Chief Engineer (I&A) for regularisation on the basis that there is break in their service.

5) The only condition that disentitles the petitioners from being regularised as SLR is that they have break in service. This has been clearly stated in the order of Hon'ble Kerala Administrative Tribunal in OA 1210/13 that regularisation cannot be denied to HR /CLR workers on the ground that they have not worked during certain years as they are called only as and when work is available. Thus it is clear that all the above petitioners satisfy the conditions prescribed by Govt for regularizing them as SLR workers.

6) Government have examined the matter in detail and are pleased to regularise Sri.P.Venu, Sri.T.R.Suresh Babu, Sri.R.Gopakumar, Sri.P.S. Santhosh and Sri.Sajeev B, the five applicants in the OA(EKM) 782/14 as SLR Workers with effect from 16/01/2013, subject to the condition that they will be eligible for pay and allowances only with effect from the date of issuance of the order.

7) The order of Hon'ble Kerala Administrative Tribunal read as 3rd paper above is complied with accordingly.

(BY ORDER OF THE GOVERNOR)
**TINKU BISWAL**
**Secretary to Government**

To

The persons concerned (Through Chief Engineer (I&A),Thiruvananthapuram)
The Chief Engineer (I&A),Thiruvananthapuram.
The Advocate General, Kerala, Thiruvananthapuram Branch, Vanchiyoor P.O., Thiruvananthapuram(with covering letter).
The Principal Accountant General (Audit) Kerala, Thiruvananthapuram.
The Accountant General(A&E), Kerala,Thiruvananthapuram/Thrissur.
The General Administration(SC)Department( )
The Law Department(Vide U.O(R)No.26502/F3/2016/Law dated 17/01/2017).
The Finance Department(Vide U.O(R)No.319299/Ind&PWB3/16/Fin. Dated 10/11/2016).
The Personnel and Administrative Reforms Department(Vide U.O.(R)No.Adv.C1/88/17/P&ARD dated 03/05/2017.).
The Information Officer, Web & New Media Division, Information & Public Relations Department.
Stock File/O.C.

Copy to:-PS to Minister, Water Resources Department

Forwarded/By Order

Section Officer.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 31-05-2017

ഫയൽ നം.566342/എ2/2016/ജ.വി.വ. ഇനം നം: 1073

വിഷയം : ജലവിഭവ വകുപ്പ് - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM)782/2014-മേലുള്ള ഉത്തരവ് പാലിച്ചുകൊണ്ട് ജലസേചന വകുപ്പിലെ എച്ച്.ആർ. വർക്കർമാരായ ശ്രീ. പി. വേണു, ശ്രീ. റ്റി.ആർ. സുരേഷ്ബാബു, ശ്രീ. ആർ. ഗോപകുമാർ, ശ്രീ. പി.എസ്. സന്തോഷ്, ശ്രീ. സജീവ് ബി. എന്നിവരെ എസ്.എൽ.ആർ. വർക്കർമാരായി നിയമിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

സെക്രട്ടറി, ജലവിഭവ വകുപ്പ്.

# കേരള സർക്കാർ
# (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | 566342/എ 2/2016/ജവിവ |
| 2. | വകുപ്പ് | : | ജലവിഭവ (എ) വകുപ്പ് |
| 3. | വിഷയം | : | ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM)782/2014-ന്മേലുള്ള ഉത്തരവ് പാലിച്ചുകൊണ്ട് ജലസേചന വകുപ്പിലെ എച്ച്.ആർ. വർക്കർമാരായ ശ്രീ.പി.വേണു, ശ്രീ.റ്റി.ആർ.സുരേഷ്ബാബു, ശ്രീ.ആർ.ഗോപകുമാർ, ശ്രീ.പി.എസ്.സന്തോഷ് ശ്രീ.സജീവ്.ബി. എന്നിവരെ എസ്.എൽ.ആർ വർക്കർമാരായി നിയമിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രി സഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 14/05/17 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ, ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് (നിയമ വകുപ്പ്, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്) |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.സീനത്തു ബീവി.എസ് |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22/05/2017 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.നളിനി നെറ്റോ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23/05/17 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.മാത്യു.ടി.തോമസ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 25/05/17 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 29/05/17 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 23.03.16-ലെ OA(EKM)782/2014-മേലുള്ള ഉത്തരവ് പാലിച്ചുകൊണ്ട് ജലസേചന വകുപ്പിലെ എച്ച്.ആർ. വർക്കർമാരായ ശ്രീ.പി.വേണു, ശ്രീ.റ്റി.ആർ.സുരേഷ്ബാബു, ശ്രീ.ആർ.ഗോപകുമാർ, ശ്രീ.പി.എസ്.സന്തോഷ്, ശ്രീ.സജീവ്.ബി. എന്നിവരെ എസ്.എൽ.ആർ വർക്കർമാരായി നിയമിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പിലെ വിഷയം.

2) ശ്രീ.പി.വേണുവും മറ്റു നാലു പേരും ചേർന്ന്, അനക്സർ എ 1-ന്റെ (16.01.13-ലെ സ.ഉ.(എം.എസ്)നം.6/2013/ജ.വി.വ) വെളിച്ചത്തിൽ തങ്ങളെയും എസ്.എൽ.ആർ വർക്കർമാരായി നിയമിക്കുവാൻ നിർദ്ദേശം നൽകണമെന്നപേക്ഷിച്ചുകൊണ്ട് OA(EKM)782/2014 ആയി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്തു.

3) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 23.03.16-ലെ മേൽ കേസിന്മേലുള്ള ഉത്തരവിൽ അനക്സർ എ 11 ഉത്തരവ് അസാധുവാക്കി. OA.No. 1210/2013 ഉത്തരവിലെ ഖണ്ഡിക (5) ലെ നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ ക്രമപ്പെടുത്തുന്ന തീയതി, ആനുകൂല്യങ്ങൾ നൽകുന്നതു സംബന്ധിച്ച് ഉചിതമായ വ്യവസ്ഥകൾ നിശ്ചയിച്ച് സർക്കാർ തലത്തിൽ അപേക്ഷകരെ നേരിൽ കേട്ട് ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റി മൂന്നു മാസത്തിനകം ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ ട്രൈബ്യൂണൽ നിർദ്ദേശിച്ചു. അപേക്ഷകരുടെ SLR വർക്കർമാരാകാനുള്ള ആവശ്യം നിരസിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവാണ് അനക്സർ എ 11 ആയ 21.05.14-ലെ സ.ഉ.(സാധാ)നം.517/2014/ജ.വി.വ. തുടർന്ന് ജലവിഭവ വകുപ്പ് അണ്ടർ സെക്രട്ടറി അപേക്ഷകരെ 19.07.16-ന് നേരിൽ കേട്ടു.

4) ജലസേചന വകുപ്പിലെ എച്ച്.ആർ.തൊഴിലാളികളാണ് അപേക്ഷകർ. ആലപ്പുഴ ഡ്രെഡ്ജർ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലാണ് അവർ ജോലി നോക്കുന്നത്. അവരെ ജലസേചന വകുപ്പിൽ എസ്.എൽ.ആർ വർക്കർമാരായി നിയമിക്കണമെന്നതാണ് അവരുടെ പ്രധാന വാദഗതി. SLR വർക്കർമാരായി നിയമിക്കപ്പെടാനുള്ള എല്ലാ വ്യവസ്ഥകളും തങ്ങൾ പാലിക്കുന്നുണ്ട് എന്ന് അവർ അവകാശപ്പെടുന്നു. എന്നാൽ അവരുടെ HR/CLR സേവന കാലയളവിൽ തുടർച്ചയില്ലാത്തതിനാൽ അവരുടെ അവകാശവാദം ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തിരുന്നില്ല.

5) അപേക്ഷകരെ SLR ആയി നിയമിക്കുന്നതിൽ നിന്നും അനർഹരാക്കുന്ന ഒരേ ഒരു വ്യവസ്ഥ അവരുടെ സേവനകാലയളവിലെ തുടർച്ചയില്ലായ്മയാണ്. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA.No. 1210/2013-മേലുള്ള വിധിയിൽ ഇക്കാര്യം വ്യക്തമായി പരിശോധിച്ചിട്ടുണ്ട്. HR/CLR തൊഴിലാളികളെ തൊഴിൽ ലഭ്യമായ സാഹചര്യങ്ങളിൽ മാത്രമാണ് വിളിക്കുന്നത് എന്നതുകൊണ്ട് അവർ ചില വർഷങ്ങളിൽ ജോലി ചെയ്തിട്ടില്ല എന്ന കാരണത്താൽ അവർക്ക് സ്ഥിരപ്പെടുത്തൽ നിരസിക്കുവാൻ പാടില്ല എന്ന് പ്രസ്തുത ഉത്തരവിൽ ട്രൈബ്യൂണൽ നിരീക്ഷിച്ചു. OA.No. 1210/2013-ൽ അപേക്ഷകരെ SLR വർക്കർമാരായി നിയമിക്കുവാൻ ട്രൈബ്യൂണൽ ഉത്തരവിട്ടു. നിലവിലെ OA-യിലെ അപേക്ഷകരും സമാന സാഹചര്യത്തിലുള്ളവരാണ്. ട്രൈബ്യൂണലിന്റെ വീക്ഷണത്തിൽ അപേക്ഷകർ SLR വർക്കർമാരായി നിയമിക്കപ്പെടുവാൻ സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നവരാണ്.

6) നിയമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ആ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അറിയിച്ചു.

"In the order dated 26/03/2014 in OA No.1210/2013 the KAT has

unjustified the condition added in addition to the Annexure A1, (GO(Ms)No.06/2013/WRD dated 16/01/2013) that the applicants should have continuous service. The said order is not seen challenged before the High Court and hence the order is legally sustainable and binding.

Now the KAT in it's order dated 23/03/2016 in OA(EKM)782/2014 has directed that the applicant's case will have to be reconsidered in the light of the order in OA No.1210/2013. As such the applicant's case has to be considered in tune with the direction dated 23/03/2016 of the KAT. Hence this Department agree with the views of the Administrative Department at para 31 n.f".

7) മേൽ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ അപേക്ഷകർ സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നതുകൊണ്ട് SLR വർക്കർമാരായി നിയമിക്കപ്പെടാൻ അർഹതയുള്ളവരായി കണ്ടു.

8) തുടർന്ന് അപേക്ഷകരെ റഗുലറൈസ് ചെയ്യുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും ആ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു:-

"The Administrative Department is informed that the Hon'ble Kerala Administrative Tribunal( KAT), in their order in OA(EKM)No.782/2014 filed by Sri.P.Venu and others have ordered that the Administrative Department should pass orders in the light of the findings of Hon'ble KAT in OA No.1210/2013 after hearing the applicants. It is noted that the Hon'ble KAT in OA No.1210/2013 have taken the 10 year qualifying service to be made applicable from 01/01/2001 onwards. Applicants should have worked for a minimum number of 500 days between 01/01/2001 and 01/01/2011. The five applicants have worked for following number of days between 01/01/2001 and 01/01/2011.

1. P.Venu - 326 days
2. T.R.Suresh Babu - 62 days
3. R.Gopakumar - 271 days
4. P.S.Santhosh - 231 days
5. Sajeev B - 1568.5 days

Hence only Sajeev. B. is eligible for being regularised as he has completed more than 500 days between 01/01/2001 and 01/01/2011. Hon'ble KAT, in OA No.1210/2013, have not mentioned anything regarding service rendered prior to 01/01/2001. Hence number of days worked prior to 01/01/2001 should not be taken into account".

9) നിയമവകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അഭിപ്രായങ്ങൾ വിരുദ്ധമാകയാൽ ഒരിക്കൽ കൂടി നിയമ വകുപ്പിന്റെ അഭിപ്രായം ആരായുകയും ആ വകുപ്പ് ചുവടെ വിവരിക്കും പ്രകാരം അറിയിക്കുകയുമുണ്ടായി.

"16/01/2013 തീയതിയിലെ സ.ഉ.(എം.എസ്)നം.06/2013/ജവിവ നമ്പർ ഉത്തരവ് HR/CLR ജീവനക്കാരെ എസ്.എൽ.ആർ ജീവനക്കാരാക്കുന്നതിനുള്ള നിബന്ധനകൾ നിഷ്കർഷിച്ചിരിക്കുന്നു. പ്രസ്തുത ഉത്തരവിന്റെ ഒന്നാം നിബന്ധന 1/1/2011 ൽ ചുരുങ്ങിയത് 500 ദിവസമെങ്കിലും സർവ്വീസ് പൂർത്തിയാക്കിയിരിക്കണം എന്നതും രണ്ടാമത്തെ നിബന്ധന, 1/1/2011 ൽ സർവ്വീസ്സിൽ 10 വർഷത്തെ സേവനം പൂർത്തിയാക്കിയിരിക്കണം എന്നതുമാണ്. പ്രസ്തുത സർക്കാർ ഉത്തരവിൽ 1/1/2001 നും 1/1/2011 നും ഇടയിൽ 500 ദിവസത്തെ സേവനം പൂർത്തിയാക്കിയിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA No.1210 of 2013 ലെ 26/05/2014 ലെ ഉത്തരവിൽ 5-)o ഖണ്ഡികയിൽ 16/01/2013 ലെ സ.ഉ.(കൈ)നം.06/2013 ജവിവ

നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നാല് നിബന്ധനകൾ പാലിക്കുന്നുണ്ടെങ്കിൽ അപേക്ഷകരെ റഗുലറൈസ് ചെയ്യാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM) 782/2014 നമ്പർ കേസിലെ 23/03/2016 ലെ ഉത്തരവിൽ OA 1210/2013 നമ്പർ കേസിലെ 5-ാം ഖണ്ഡികയിലെ കണ്ടെത്തലിന്റെ വെളിച്ചത്തിൽ അപേക്ഷകളിൻമേൽ ഒരു പുതിയ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഉത്തരവായ സാഹചര്യത്തിൽ 16/01/2013-ലെ സ.ഉ.(കൈ)6/2013/ജവിവ നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന നിബന്ധനകൾ പാലിക്കുന്ന പക്ഷം അപേക്ഷകരെ റഗുലറൈസ് ചെയ്യേണ്ടതാണ് എന്നും ഇതുമായി ബന്ധപ്പെട്ട് ഈ വകുപ്പ് കു.ഫ. 34, 35 ഖണ്ഡികകളിൽ അഭിപ്രായം നൽകിയിട്ടുള്ളതാണ്. ധനവകുപ്പിന്റെ 48 - 49 ഖണ്ഡികയിലെ അഭിപ്രായം ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.(ഇ.കെ.എം.)782/2014 നമ്പർ കേസിലെ 23/03/2016 ലെ ഉത്തരവിന്റെ അന്തസ്സത്തയ്ക്ക് വിരുദ്ധമാകയാൽ ഈ വകുപ്പ് യോജിക്കുന്നില്ല എന്നും ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ്."

10)ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പുമായി ബന്ധപ്പെട്ടപ്പോൾ ആ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അറിയിച്ചു:-

"കുറിപ്പുഫയലിലെ ഖണ്ഡിക 85, 86 -ൽ നിയമ വകുപ്പ് നൽകിയിട്ടുള്ള അഭിപ്രായത്തോട് ഈ വകുപ്പ് യോജിക്കുന്നു."

11) മേൽ സാഹചര്യത്തിൽ OA (EKM) 782/2014-ലെ അഞ്ച് അപേക്ഷകരായ ശ്രീ.പി.വേണു, ശ്രീ.റ്റി.ആർ.സുരേഷ് ബാബു, ശ്രീ.ആർ.ഗോപകുമാർ, ശ്രീ.പി.എസ്.സന്തോഷ്, ശ്രീ.സജീവ്.ബി. എന്നിവർ 16.01.2013-ലെ സ.ഉ.(എം.എസ്)നം.06/2013/ജ.വി.വ ഉത്തരവിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിക്കപ്പെടുന്നതിനാൽ, ഉത്തരവ് തീയതി മുതൽ മാത്രമേ ശമ്പളത്തിനും മറ്റാനുകൂല്യങ്ങൾക്കും അർഹതയുള്ളു എന്ന വ്യവസ്ഥയിൽ 16.01.2013

തീയതി പ്രാബല്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കുന്നതിലേക്കായി, മന്ത്രിസഭയുടെ അംഗീകാരത്തോടെ SLR വർക്കർമാരായി റഗുലറൈസ് ചെയ്യേണ്ടതുണ്ട്.

12) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് കൊണ്ടുവരാമോ എന്ന കാര്യത്തിൽ ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട സംഗതി

OA.(EKM)782/2014-ലെ അഞ്ച് അപേക്ഷകരായ ശ്രീ.പി.വേണു, ശ്രീ.റ്റി.ആർ.സുരേഷ്ബാബു, ശ്രീ.ആർ.ഗോപകുമാർ, ശ്രീ.പി.എസ്.സന്തോഷ്, ശ്രീ.സജീവ്.ബി. എന്നിവരെ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നുകൊണ്ടും ഉത്തരവ് തീയതി മുതൽ മാത്രമേ ശമ്പളത്തിനും മറ്റ് ആനുകൂല്യങ്ങൾക്കും അർഹതയുള്ളൂ എന്ന വ്യവസ്ഥയിൽ 16.01.2013 പ്രാബല്യത്തിൽ SLR വർക്കർമാരായി റഗുലറൈസ് ചെയ്യാമോ?